**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1984.**

**06.02.2019 ൽ**
**മറുപടി നൽകേണ്ടിയിരുന്നത്**

## ആശ്രിത നിയമന അപേക്ഷയിൽ തീരുമാനം

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എം. കെ. മുനീർ** | **പിണറായി വിജയൻ** <br> **(മുഖ്യമന്ത്രി)** |
| **(എ)** ആഭ്യന്തര വകുപ്പിൽ സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം സേവനത്തിലിരിക്കെ അന്തരിച്ച ഉമേഷിന്റെ (Hdr 12088 MSP) ഭാര്യ ശ്രീമതി അനുശ്രീക്ക് നിയമനാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | **(എ)** സേവനത്തിലിരിക്കെ അന്തരിച്ച ഉമേഷിന്റെ ഭാര്യ ശ്രീമതി അനുശ്രീ ആശ്രിത നിയമനത്തിനായി നൽകിയ അപേക്ഷയിൽ, പോലീസ് വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ സാധുവായ അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് ഒഴിവ് കണ്ടെത്തി നൽകുന്നതിലേയ്ക്കായി ടിയാളെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുഭരണ (സി.ഇ സെൽ) വകുപ്പിന് നൽകിയിട്ടുണ്ടെന്നും ഒഴിവ് അറിയിക്കപ്പെടുന്ന മുറയ്ക്ക് നിയമനാനുമതി നൽകുന്നതാണെന്നും ഉള്ള വിവരം 05.10.2017 ലെ 15366/കെ3/2017/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീമതി. അനുശ്രീയെ അറിയിച്ചിട്ടുള്ളതുമാണ്. |
| **(ബി)** പോലീസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ നിലവിൽ ഇല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | **(ബി)** സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുവാൻ പോലീസ് വകുപ്പിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ സാധുവായ അപേക്ഷാ തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം പാലിച്ച് മറ്റ് വകുപ്പുകളിൽ ഒഴിവ് കണ്ടെത്തി നൽകുന്നതിലേയ്ക്കായി അപേക്ഷകരെ സംബന്ധിക്കുന്ന വിവരങ്ങൾ, പൊതുഭരണ (സി.ഇ സെൽ) വകുപ്പിന് കൈമാറുന്ന രീതിയാണ് തുടർന്നു വരുന്നത്. |
| **(സി)** പോലീസ് വകുപ്പിൽ ഏത് തീയതി വരെയുള്ള അപേക്ഷകർക്കാണ് സമാശ്വാസ തൊഴിൽ ദാന പദ്ധതിപ്രകാരം നിയമനം നൽകിയിരിക്കുന്നത്; വിശദമാക്കാമോ? | **(സി)** പോലീസ് വകുപ്പിൽ 04.10.2013 തീയതിയിൽ അപേക്ഷ സമർപ്പിച്ച, സേവനത്തിലിരിക്കെ അന്തരിച്ച രാജു എം.കെ-യുടെ മകൾ കുമാരി ആശ ആർ എസ്-നാണ് 19.02.2019 ലെ സ.ഉ(കൈ)നം. 8/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അവസാനമായി നിയമനാനുമതി നൽകിയിട്ടുള്ളത്. |

Rajani

**സെക്ഷൻ ഓഫീസർ**